(12) പ്ലസ് ടു സ്കൂളുകളിൽ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർമാരെ പ്രിൻസിപ്പൽമാരായി നിയമിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഹൈസ്കൂളുകളെ പ്ലസ് ടു സ്കൂളുകളായി ഉയർത്തിയപ്പോൾ നിലവിലുള്ള ഹെഡ്മാസ്റ്റർമാരെ പ്രിൻസിപ്പൽമാരായി നിയമിക്കുകയാണ് ചെയ്തുകൊണ്ടിരുന്നത്. എന്നാൽ ഹയർ സെക്കന്ററിക്ക് വേണ്ടി ഇപ്പോൾ പുറത്തിറക്കിയ ഡ്രാഫ്റ്റ് റൂൾസിൽ പ്ലസ് ടുവിൽ അഞ്ച് വർഷത്തെ പരിചയം ആണ് പ്രിൻസിപ്പൽമാരായി നിയമിക്കുന്നതിന് പറഞ്ഞിരിക്കുന്നത്. അത് നിലവിലുള്ള ഹെഡ്മാസ്റ്റർമാരെ വളരെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ്. നിലവിലുള്ള പ്രിൻസിപ്പൽമാരെ യാതൊരു കാരണവശാലും റിവേർട്ട് ചെയ്യാൻ ഇടയാകരുതെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുകയാണ്. പ്ലസ് ടുവിലെ പരിചയം എന്നതിന് പകരം ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായി അഞ്ച് വർഷത്തെ പരിചയം എന്നാക്കിയാലും വേണ്ടില്ല. നിലവിലുള്ള ആളുകളെ ദോഷകരമായി ബാധിക്കുന്ന തീരുമാനത്തിൽ പുനഃപരിശോധന വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട പ്രകാശ് ബാബു ഈ വിഷയം കൊണ്ടുവന്നിരിക്കുന്നു. അതുകൊണ്ട് ഗൗരവമായി ഈ വിഷയം ഒന്നുകൂടി ആലോചിക്കുന്നതാണ്.

(13) കായംകുളം-ശബരിമല റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കൽ

ശ്രീ. പി. കെ. കുമാരൻ : സർ, കായംകുളം-ശബരിമല റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കണമെന്നാണ് എന്റെ ഈ സബ്മിഷനിലൂടെ ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നത്. കായംകുളം, ചെട്ടിക്കുളങ്ങര, മാവേലിക്കര, മാങ്കാക്കുഴി, പന്തളം, കൈപ്പട്ടൂർ, പത്തനംതിട്ട, വടശ്ശേരിക്കര വഴി ശബരിമലയിൽ എത്തുന്ന ഈ റോഡിൽ കായംകുളം മുതൽ പത്തനംതിട്ട വരെയുള്ള പലഭാഗത്തും വീതി വളരെ കുറവാണ്. കായംകുളം മുതൽ ശബരിമല വരെയുള്ള റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിച്ച് റോഡിന്റെ സംരക്ഷണ വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ. ജി. സുധാകരൻ, മാവേലിക്കര എം.എൽ.എ., എം. മുരളി, പന്തളം എം.എൽ.എ. ആയ ഞാൻ, പത്തനംതിട്ട എം.എൽ.എ. കെ.കെ. നായർ, റാന്നി എം.എൽ.എ., രാജു എബ്രഹാം. എന്നിവർ ഒരുമിച്ച് ചേർന്ന് ഒരു മെമ്മോറാണ്ടം കൊടുത്തിട്ടുള്ളതാണ്. അന്ന് അത് പരിഹരിക്കാം എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുമാണ്. എന്നാൽ അതിന്മേൽ തുടർ നടപടികൾ വേണ്ടത്ര ഉണ്ടായില്ല. ആയതിനാൽ പ്രസ്തുത റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷണ വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇത്തരത്തിലുള്ള ഒരു നിവേദനം ലഭിക്കുകയുണ്ടായിട്ടുണ്ട്. അതിന്റെ വിശദമായ റിപ്പോർട്ടും അലൈൻമെന്റും തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും വേഗം റിപ്പോർട്ട് വാങ്ങി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(14) പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട (മുസ്ലീം, നാടാർ) പെൺകുട്ടികളുടെ ലംപ്സംഗ്രാന്റ് കുടിശ്ശിക

ശ്രീ. എൻ. സുന്ദരൻ നാടാർ : പിന്നോക്ക വിഭാഗങ്ങളായ മുസ്ലീം, നാടാർ സമുദായങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി നൽകിയിരുന്ന ലംപ്സംഗ്രാന്റ് തുക നൽകിയിട്ട് നാലു വർഷമായി. ആ തുക അടിയന്തിരമായി നൽകണമെന്ന് ഞാൻ ബഹുമാന്യപ്പെട്ട ഗവൺമെന്റിനോടും മന്ത്രിയോടും ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇത് സ്കോളർഷിപ്പ് ആണെന്നാണ് തോന്നുന്നത്. ഇതിൽ കുറച്ച് കുടിശ്ശികയുണ്ട്. അത് എത്രയും വേഗം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കും.

(15) കേരളത്തിലെ സ്റ്റുഡിയോകളിലും കളർലാബുകളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് സേവന-വേതന വ്യവസ്ഥ

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ സ്റ്റുഡിയോകളിലും, കളർ ലാബുകളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെയും അനുബന്ധ തൊഴിലിലേർപ്പെട്ടവരുടെയും സ്വയം തൊഴിൽ കണ്ടെത്തിയ വീഡിയോ ഗ്രാഫർമാരുടെയും പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഇതര ജീവനക്കാർക്ക് സർക്കാരിൽനിന്ന് ക്ഷേമനിധിയും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നടപ്പാക്കുമ്പോൾ ഈ മേഖലയിലെ ആയിരക്കണക്കായ ജീവനക്കാർ അവഹേളിക്കപ്പെടുകയാണ്. ഫോട്ടോഗ്രാഫിയും വീഡിയോഗ്രാഫിയും ഉപജീവനമായി സ്വീകരിച്ചിട്ടുള്ള പ്രൊഫഷണലുകൾക്ക് സർക്കാർ തിരിച്ചറിയൽ കാർഡുകൾ നൽകി തൊഴിൽ സുരക്ഷിതത്വവും ഏകീകൃത സേവന-വേതന വ്യവസ്ഥകളും ഏർപ്പെടുത്തണമെന്നഭ്യർത്ഥിക്കുകയാണ്. ആധുനിക സാങ്കേതിക പരിജ്ഞാനം കഴിവതും ഉപയോഗപ്പെടുത്തി കെമിക്കൽ പ്രോസസ്സിന്റെയും തീക്ഷ്ണതയേറിയ ലൈറ്റിന്റെയും അതിപ്രസരണത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ സങ്കീർണ്ണങ്ങളാണ്. സ്റ്റുഡിയോ, ഡിജിറ്റൽ സ്റ്റുഡിയോ, കളർ ലാബുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പ്രത്യേക സേവന-വേതന വ്യവസ്ഥകൾക്ക് രൂപം നൽകണമെന്നഭ്യർത്ഥിക്കുന്നു. ഗവൺമെന്റ് എല്ലാ മേഖലകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമനിധി പ്രൊഫഷണൽ വീഡിയോ ഫോട്ടോഗ്രാഫർമാർക്കും സ്റ്റുഡിയോ, കളർലാബ് അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടവർക്കും നടപ്പിലാക്കണം. പ്രൊഫഷണൽ ഫോട്ടോ, വീഡിയോ ഗ്രാഫർമാർ അടക്കം ഈ തൊഴിലുമായി ബന്ധപ്പെട്ട എല്ലാപേർക്കും

LIBRARY ARCHIVES Kerala Legislative Assembly